23.7.2020
THURSDAY

# MALAYALAM 2

STD 10
Class-02

1) രണ്ടിടങ്ങഴി എന്ന നോവലിനെക്കുറിച്ച് ഒരു ലഘു കുറുപ്പ് തയ്യാറാക്കുക.

2) തകഴി ശിവശങ്കരപ്പിള്ളയെ കുറിച്ച് കുറുപ്പ് തയ്യാറാക്കുക .

# 1.Ans)

**രണ്ടിടങ്ങഴി**

കുട്ടനാടിന്റെ കഥാകാരനെന്നാണ് തകഴിയെ വിശേഷിപ്പിക്കുന്നത്. കുട്ടനാടൻ കർഷകരുടെ ജീവിതപ്രശ്നങ്ങളാണ് തകഴി തന്റെ കൃതികളിൽ ആവിഷ്കരിക്കുന്നത്. കുട്ടനാടിന്റെ ഹൃദയ ഭൂമിയായ തകഴിയാണ് രണ്ടിടങ്ങഴിയുടെ പശ്ചാത്തലം. കോരൻ, ചാത്തൻ, ചിരുത തുടങ്ങിയവ രാണ് നോവലിലെ കേന്ദ്രകഥാപാത്രങ്ങൾ.

കാളിപ്പറയന്റെ മകൾ ചിരുതയെ കല്ല്യാണം കഴിക്കാൻ കോരനും ചാത്തനും മത്സരിക്കുന്നി ടത്ത് വെച്ചാണ് നോവലിന്റെ തുടക്കം. സുന്ദരിയായ ചിരുതയെ കാളിപ്പറയൻ വലിയ ഒരു തുക പെൺപണമായി നൽകുന്നയാൾക്ക് കല്ല്യാണം കഴിച്ചുകൊടുക്കാൻ തീരുമാനിക്കുന്നു. ചാത്തന് ആ തുക കൊടുക്കാനായില്ല. ഒടുവിൽ നാട്ടിലൊന്നുമില്ലാത്ത പെൺപണം നൽകി അവളെ കെട്ടാൻ മോഹിച്ച കോരൻ പണവും

HSSLive.Guru

നെല്ലും സംഘടിപ്പിക്കാൻ വലിയ ജന്മിമാരായ പുഷ്പവേ ലിക്കാരുടെ ഓണപ്പണി ഏൽക്കാൻ തീരുമാനിക്കുന്നു. അങ്ങനെ പണം മുൻകൂറായി വാങ്ങി ചിരുതയെ വിവാഹം കഴിക്കുന്നു. എന്നാൽ കോരന്റെ അച്ഛൻ വെളുത്ത തങ്ങളുടെ പഴയ വലിയ തമ്പുരാനോട് അനുവാദം വാങ്ങാൻ പറയുന്നുണ്ട്. കാരണം തങ്ങളുടെ അറക്കൽ വീട്ടിലെ തമ്പു രാനാണ് അവന്റെ തടി. കോരന്റെ തള്ളയെ വെളുത്ത കെട്ടിക്കൊണ്ടുവന്നത് തമ്പുരാനുള്ള കാല ത്തായിരുന്നു. ആ അടിയന്തിരത്തിന്റെ എല്ലാ ചെലവും വഹിച്ചത് തമ്പുരാനായിരുന്നു. പഴയ ജന്മിമാരുടെ നന്മയെക്കുറിച്ചും ഹൃദയവിശാലതയെക്കുറിച്ചും വെളുത്ത ഓർക്കുന്നു. പഴയ തമ്പു രാക്കന്മാർ കീഴാളപെണ്ണുങ്ങൾക്ക് അന്തസ്സും അഭിമാനവും കല്പിച്ചു കൊടുത്തിരുന്നു. പണ്ടത്തെ തമ്പുരാക്കന്മാർ ഒരു ചീത്ത നോട്ടം കൊണ്ടുപോലും പുലയപ്പെണ്ണുങ്ങളെയും പറയപ്പെണ്ണുങ്ങ ളെയും കളങ്കപ്പെടുത്തിയിരുന്നില്ല. എന്നാൽ പുഷ്പവേലിൽ ഔസേപ്പിന്റെ മകൻ ചാക്കോ ചിരുത യുടെ പിന്നാലെ നടക്കുന്നത് നോവലിന് മറ്റൊരു മാനം നല്കുന്നു.

HSSLive.Guru

- ഔസേപ്പിന്റെ പാടത്ത് കഠിനാധ്വാനം ചെയ്യുന്ന കോരൻ മികച്ച വിളവെടുപ്പു തന്നെ നട ത്തുന്നു.

എന്നാൽ കൂലി നല്കുന്നതിലെ ചൂഷണം അയാളെ ഇരുത്തി ചിന്തിപ്പിക്കുന്നു. ചൂഷ ണത്തിനെതിരെ ആ മനസ്സ് തെളിഞ്ഞ് ശക്തമാവുന്നു. കോരന്റെ അച്ഛൻ മരിച്ചപ്പോൾ അവർ താമസിച്ചിരുന്ന സ്ഥലത്ത് ശവം മറവു ചെയ്യാൻ പോലും അനുവദിക്കപ്പെട്ടില്ല. മുഴുവൻ സമ യവും സംഘടനാപ്രവർത്തകനായി മാറുകയായിരുന്നു കോരൻ. കോരൻ സ്ഥലത്തില്ലാത്ത ഒരു രാത്രിയിൽ യജമാനനായ ചാക്കോ ചിരുതയുടെ കുടിലിലെത്തുകയും അവളെ ശല്ല്യപ്പെടുത്തു കയും ചെയ്യുന്നു. ഇതിനിടെ പെട്ടെന്ന് അങ്ങോട്ട് കയറി വന്ന കോരനുമായുള്ള മൽപിടുത്തത്തി നിടയിൽ ചാക്കോ മരിക്കുകയാണ്. താൻ പോലീസ് പിടിയിലാവുമെന്ന് ഉറപ്പിക്കുന്ന കോരൻ ചിരുതയുടെയും അവൾക്ക് ജനിക്കാൻ പോകുന്ന കുഞ്ഞിന്റെയും സംരക്ഷണം ചാത്തനെ ഏല്പി ക്കുകയാണ്. ചിരുതയ്ക്ക് ഒരു കുഞ്ഞ് പിറന്നു. ചാത്തൻ ചിരുതയേയും കുഞ്ഞിനെയും വളർത്തി. ഒടുവിൽ ജയിൽ മോചിതനായ കോരന് ചിരുതയേയും കുഞ്ഞിനേയും കൈമാറുന്നു. കോരന്റെ സംഘടനാപ്രവർത്തനങ്ങൾ ഫലം കണ്ടു തുടങ്ങിയിരുന്നു. "വിപ്ലവം ജയിക്കട്ടെ, യൂണിയൻ ജയിക്കട്ടെ' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഈ സൂചനയാണ് നല്കുന്നത്. കോരന്റെ മകൻ വെളു

ത്തയും കൈ ചുരുട്ടി ഉയർത്തി വിളിച്ചു "കൃഷിഭൂമി കർഷകർക്ക് ".

HSSLive.Guru

**തകഴി**

**2.Ans)**



ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമത്തിൽ അരിപ്പുറത്തുള്ള വീട്ടിൽ 1912 ഏപ്രിൽ 17 ന് ശിവശങ്കരപ്പിള്ള ജനിച്ചു. കുട്ടനാട്ടിന്റെ കഥകളാണ് തകഴി പറഞ്ഞത്. മലയാള സാഹിത്യത്തെ വിശ്വപ്രശസ്തിയിലേക്കെത്തിച്ചത് തകഴിയാണ്. സാധാരണ മനുഷ്യന്റെയും, മണ്ണും മനുഷ്യനും തമ്മിലുള്ള ഗാഢബന്ധത്തിന്റെയും കഥകൾ പറഞ്ഞാണ് തകഴി ശിവശങ്കരപ്പിള്ള മലയാള സാഹിത്യത്തിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചത്. കുലീന കഥാ പാത്രങ്ങൾ വിഹരിച്ചിരുന്ന സാഹിത്യത്തിൽ തകഴി അധഃസ്ഥിതരെയും സാധാരണക്കാരെയും കർഷകത്തൊഴിലാളികളേയും മുക്കുവരെയും തോട്ടി കളെയും കൂട്ടിക്കൊണ്ടുവന്നു.

അവരുടെ ഉയർച്ചയുടെയും ഉയിരിന്റെയും കഥകൾ പറഞ്ഞ് യാഥാർ ത്ഥ്യം അഥവാ റിയലിസം എന്ന സാഹിത്യ പ്രവണതയ്ക്ക് മലയാളത്തിൽ ബലിഷ്ഠമായ അടിമണ്ണൊരുക്കി. കയർ എന്ന ബൃഹത്തായ നോവലിൽ എത്തിയപ്പോഴേക്കും അദ്ദേഹം കുട്ട നാടിന്റെ ഇതിഹാസകാരനായി മാറിക്കഴിഞ്ഞിരുന്നു. തകഴിയുടെ ആദ്യ നോവലായ "ത്യാഗത്തിനു പ്രതിഫലം' 1934 ൽ പ്രസിദ്ധീകരിച്ചു. അടുത്തവർഷം രണ്ടാമത്തെ നോവലായ

HssLive.Guru

പതിതപങ്കജ വും പ്രസിദ്ധീകരിച്ചു. അടിയൊഴുക്കുകൾ, ചങ്ങാതികൾ, മകളുടെ മകൻ, നിത്യകന്യക, പതിവ്രത, പ്രതീക്ഷകൾ, തകഴിയുടെ കഥകൾ തുടങ്ങിയ കഥാസമാഹാരങ്ങളും തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, ഏണിപ്പടികൾ, തെണ്ടിവർഗ്ഗം, ചെമ്മീൻ തുടങ്ങിയ നോവലുകളും അദ്ദേഹം രചിച്ചു.

ചെമ്മീൻ എന്ന ദുരന്തകഥ കേരളീയ വായനക്കാരെ പിടിച്ചുലച്ചു. രാമു കാര്യാട്ട് അതിനു നൽകിയ ചലച്ചിത്രാവിഷ്ക്കാരം എന്നെത്തെയും പ്രിയപ്പെട്ട മലയാള സിനിമകളിലൊന്നായി മാറി. നിരവധി വിദേശ ഭാഷകളിലേക്കും ചെമ്മീൻ വിവർത്തനം ചെയ്യപ്പെട്ടു. -- തോറ്റില്ല എന്ന നാടകവും, എന്റെ

ബാല്യകാലകഥ, എന്റെ വക്കീൽ ജീവിതം എന്നീ ആത്മ കഥകളും, അമേരിക്കൻ തിരശ്ശീല എന്ന യാത്രാവിവരണവും തകഴി രചിച്ചു. ഒരു എരിഞ്ഞെട ങ്ങൽ ആണ് അദ്ദേഹത്തിന്റെ അവസാനത്തെ നോവൽ. 1957 ൽ ചെമ്മീനിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും, 1965 ഏണിപ്പടികൾ കേരള സാഹിത്യ അക്കാദമി അവാർഡും, 1980 ൽ കയർ വയലാർ അവാർഡിനും അർഹമായി. 1984 ൽ ജ്ഞാനപീഠവും തകഴിയെ തേടിയെത്തി. രാഷ്ട്രം അദ്ദേഹത്തിന് പത്മഭൂഷൺ നൽകി. 1999 ഏപ്രിൽ 10 ന് തകഴി അന്തരിച്ചു.